"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജി - വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് മൈതാനങ്ങളുടെ വാടക തുക ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2361/2025/LSGD തീയതി, തിരുവനന്തപുരം, 27-09-2025

---

പരാമർശം:-

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.12.2022, 13.04.2023 എന്നീ തീയതികളിലെ 3058/A/2022/SM നമ്പർ കത്തുകൾ.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2025-ലെ 2163/A/2023/SM നമ്പർ കത്ത്
3. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 10. 03.2023, 30.05.2023, 09.08.2023 എന്നീ തീയതികളിലെ 10127/എസ്റ്റേറ്റ്/എ-3/2022/ജിസിഡിഎ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മാലിന്യസംസ്കരണം പ്രകൃതി സൗഹൃദവും ഫലപ്രദവുമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളേയും അനുബന്ധസ്ഥാപനങ്ങളേയും ബഹുജനങ്ങളേയും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ 04.02.2023 മുതൽ 06.02.2023 വരെ നടന്ന ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജി- 2023 എന്ന പരിപാടിയുടെ നടത്തിപ്പിന് കൊച്ചി മറൈൻ ഡ്രൈവ് മൈതാനങ്ങൾ ഉപയോഗിച്ചതിന്റെ വാടക പൂർണ്ണമായി ഒഴിവാക്കി തരണം എന്ന് ശുചിത്വ മിഷൻ ഡയറക്ടർ പരാമർശം (1), (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) എന്നാൽ, ശുചിത്വ മിഷൻ കൊച്ചി മറൈൻ ഡ്രൈവ് മൈതാനത്തിൽ സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജി എന്ന പ്രദർശന പരിപാടിക്ക് വാടകയിൽ 50% ഇളവ് അനുവദിച്ച് കണക്കാക്കിയിട്ടുള്ള തുകയായ 4,68,903/- രൂപ അടവാക്കേണ്ടതാണെന്നു പരാമർശം (3) പ്രകാരം

ജിസിഡിഎ സെക്രട്ടറി അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ 04.02.2023 മുതൽ 06.02.2023 വരെ കൊച്ചി മറൈൻ ഡ്രൈവ് മൈതാനത്തിൽ സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജി - 2023 എന്ന പരിപാടിക്ക് വാടക പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-IA2/2/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-09-2025 11:44:11

സെക്ഷൻ ഓഫീസർ